## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2035 — 08.03.2018- ൽ മറുപടിക്ക്

# സൂക്ഷ്മ-ചെറുകിട വ്യവസായ മേഖലയിൽ സംരംഭക സഹായ പദ്ധതി

**ചോദ്യം**

ശ്രീ. വി. കെ. സി. മമ്മത് കോയ
'' കാരാട്ട് റസാഖ്
'' കെ.ഡി. പ്രസേനൻ
'' ജെയിംസ് മാത്യു

**ഉത്തരം**

ശ്രീ. എ.സി.മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട യൂണിറ്റുകൾക്ക് മൂലധന സഹായം നൽകിക്കൊണ്ട് ഈ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സംരംഭക സഹായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) & (ബി) | ഉണ്ട്. സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിൻമേൽ 15% മുതൽ 30% വരെ, പരമാവധി 30 ലക്ഷം രൂപ, ധനസഹായം നൽകുകയെന്ന ലക്ഷ്യത്തോടെ വകുപ്പിൽ ഉണ്ടായിരുന്ന പദ്ധതികൾ ഏകോപിപ്പിച്ച് 01/04/2012 മുതൽ നടപ്പിലാക്കുകയും, ഇപ്പോഴും തുടർന്ന് കൊണ്ടിരിക്കുന്നതും, ഈ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതുമായ പദ്ധതിയാണ് സംരംഭക സഹായ പദ്ധതി. |
| (ബി) | എങ്കിൽ പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | | |
| (സി) | ഇത്തരം സംരംഭകർക്ക് മൂലധന സഹായം നൽകുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (സി) | ഈ പദ്ധതി പ്രകാരം ഉല്പാദന സംരംഭങ്ങൾക്ക് സ്ഥിരം മൂലധനത്തിന്റെ 15% മുതൽ 30% വരെ, പരമാവധി 30 ലക്ഷം രൂപ ധനസഹായം നൽകുന്നു. ഇത് മൂന്നു ഘട്ടങ്ങളിലായിട്ടാണ് നൽകുന്നത്. 1) സ്റ്റാർട്ട് അപ് സപ്പോർട്ട് 2) ഇൻവെസ്റ്റ്മെൻറ് സപ്പോർട്ട് 3) ടെക്നോളജി സപ്പോർട്ട്. ഇത് പ്രകാരം താലൂക്ക് വ്യവസായ കേന്ദ്രങ്ങൾ മുഖേന ജില്ലാ വ്യവസായ കേന്ദ്രങ്ങൾ അപേക്ഷ സ്വീകരിക്കുകയും ജില്ലാതല കമ്മിറ്റികളിൽ സമർപ്പിച്ചു യൂണിറ്റുകൾക്ക് സബ്സിഡി പാസ്സാക്കി വിതരണം നടത്തുകയും ചെയ്യുന്നു. രണ്ടു കോടിക്ക് മേൽ സ്ഥിരം മൂലധനം ഉള്ള സംരംഭങ്ങൾക്ക് സംസ്ഥാന തല കമ്മിറ്റിയാണ് സബ്സിഡി പാസാക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | സംരംഭക സഹായ പദ്ധതിയുടെ ഗുണഭോക്താക്കളിൽ ഇരുപത് ശതമാനം സ്ത്രീ സംരംഭകരായിരിക്കണമെന്ന വ്യവസ്ഥയുണ്ടോ; | (ഡി) | ഇല്ല. |
| (ഇ ) | നാനോ, ഗാർഹിക സംരംഭങ്ങളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നറിയിക്കാമോ; | (ഇ ) | ഇല്ല. |
| (എഫ്) | ഈ പദ്ധതിയ്ക്കായി 2018-19 ബജറ്റിൽ എത്ര രൂപ വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (എഫ്) | 55 കോടി രൂപ |

**സെക്ഷൻ ഓഫീസർ**